# പ്രഫ. ആന്റേർസണുമായി ഒരഭിമുഖം

യൂറോപ്പിലെ പബ്ലിക് ലൈബ്രറികളും സർവകലാശാലകളും സന്ദർശിച്ച് പഠനം നടത്താൻ ദമസ്കസ് യൂനിവേഴ്സിറ്റി സംഘടിപ്പിച്ച പര്യടന സംഘത്തിൽ ഈയുള്ളവനുമുണ്ടായിരുന്നു. അന്ന് ഞാൻ കൂടിക്കാഴ്ച നടത്തിയവരിലൊരാളായിരുന്നു പ്രഫ. ആന്റേർസൺ. ലണ്ടൻ യൂനിവേഴ്സിറ്റിയിലെ പൗരസ്ത്യ പഠന വിഭാഗത്തിൽ കിഴക്കൻ രാജ്യങ്ങളിലെ വ്യക്തിനിയമ വകുപ്പിന്റെ തലവനാണദ്ദേഹം. പലതും ചർച്ച ചെയ്ത കൂട്ടത്തിൽ ഇസ്ലാമിലെ ബഹുഭാര്യാത്വവും ഞങ്ങളുടെ സംഭാഷണ വിഷയമായി.

"ബഹുഭാര്യാത്വത്തെക്കുറിച്ചു എന്താണ് നിങ്ങളുടെ അഭിപ്രായം?" ആന്റേർസൺ ചോദിച്ചു.

"നിബന്ധനകൾ പാലിക്കപ്പെടുകയാണെങ്കിൽ ഒട്ടേറെ സാഹചര്യങ്ങളിൽ സമൂഹത്തിനു ഉപകാരപ്പെടുന്ന ഒരു നല്ല സംവിധാനം"– ഞാൻ മറുപടി പറഞ്ഞു.

"അപ്പോൾ, അത് നിയന്ത്രിക്കണമെന്ന മുഹമ്മദ് അബ്ദുല്ലയുടെ അഭിപ്രായം തന്നെയാണ് നിങ്ങൾക്കുമുള്ളത്."

"ഏതാണ്ടൊക്കെ, പൂർണമായല്ല." ഞാൻ പറഞ്ഞു: "ഇസ്ലാം താൽപര്യപ്പെടുന്ന സഹപത്നിമാർക്കിടയിലെ നീതി സാക്ഷാത്കരിക്കുന്നതിനു, രണ്ടാം ഭാര്യക്ക് ചെലവിനു നൽകാൻ മാത്രം ഭർത്താവിനു സാമ്പത്തിക ശേഷിയുണ്ടായിരിക്കണമെന്ന നിബന്ധന ആവശ്യമാണെന്ന് ഞാൻ കരുതുന്നു."

"നിങ്ങളെപ്പോലുള്ള ഒരാൾക്ക് ഇക്കാലത്തും ബഹുഭാര്യാത്വം ന്യായീകരിക്കാൻ എങ്ങനെ കഴിയുന്നു!" ആന്റേർസൺ ആശ്ചര്യം പ്രകടിപ്പിച്ചു.

"ഞാനൊന്നു ചോദിക്കട്ടെ, വ്യക്തമായ മറുപടി നൽകണം. ഒരാളുടെ ഭാര്യക്ക് മാറാവ്യാധി പിടിപെട്ടുവെന്ന് സങ്കൽപിക്കുക. അയാളാകട്ടെ യൗവനത്തിന്റെ തിളപ്പിലുമാണ്. അവൻ എന്ത് ചെയ്യണം? ഒന്നുകിൽ അവളെ ഒഴിവാക്കി മറ്റൊരു വിവാഹം ചെയ്യണം. അല്ലെങ്കിൽ അവളോടൊപ്പം മറ്റൊരു സ്ത്രീയെക്കൂടി വേൾക്കണം. അതുമല്ലെങ്കിൽ അവളെ വഞ്ചിച്ചുകൊണ്ട് നിയമരഹിതമായി പരസ്ത്രീഗമനം നടത്തണം– ഈ മൂന്നാലൊരു മാർഗമല്ലാതെ അവന്റെ മുമ്പിലുണ്ടോ?"

"അല്ല; നാലാമതൊരു മാർഗം കൂടി ഉണ്ട്." ആന്റേർസൺ പറഞ്ഞു. "തിന്മയിലേക്ക് വ്യതിചലിക്കാതെ ആത്മസംയമനം പാലിക്കുക."

"ഇതെല്ലാവർക്കും ഒരുപോലെ സാധിക്കുന്ന കാര്യമാണോ?" ഞാൻ ചോദിച്ചു.

"ഞങ്ങൾ ക്രിസ്ത്യാനികൾക്കു സാധിക്കും. അതിനുള്ള ആത്മവിശ്വാസം ഞങ്ങൾക്കുണ്ട്." ആന്റേർസൺ പറഞ്ഞു.

ഞാനൊന്നു പുഞ്ചിരിച്ചു. "ഒരു പാശ്ചാത്യനായ താങ്കളാണോ ഇത് പറയുന്നത്? ഒരു മുസ്ലിമോ പൗരസ്ത്യ രാജ്യത്തെ ക്രിസ്ത്യാനിയോ ആണ് ഇത് പറഞ്ഞതെങ്കിൽ എനിക്ക് മനസ്സിലാവുമായിരുന്നു. തെറ്റിൽനിന്ന് അയാൾക്ക് ആത്മസംയമനം പാലിക്കാൻ അവർക്ക് കഴിയും. എപ്പോൾ എവിടെ വെച്ചും ഉദ്ദേശിക്കുമ്പോൾ സ്ത്രീകളുമായി കൂടിക്കലരാൻ കഴിയുന്ന സാഹചര്യത്തിലല്ല അവർ ജീവിക്കുന്നത്. സ്വന്തം ആചാരങ്ങളും സദാചാരങ്ങളും അവരുടെ ചലനങ്ങളിൽ നിയന്ത്രണം ചെലുത്തും. മതം അവരുടെ രാജ്യത്ത് ഇപ്പോഴും ഒരു സ്വാധീന ശക്തിയാണ്. എന്നാൽ പാശ്ചാത്യരായ നിങ്ങളുടെ സ്ഥിതി ഇതല്ല. സ്ത്രീയെ പ്രലോഭിപ്പിക്കാനും അവളുമായി സമ്പർക്കപ്പെടാനുമുള്ള ഒരു മാർഗവും നിങ്ങൾ വെറുതെ വിട്ടിട്ടില്ല. വീട് വിട്ടിറങ്ങിയാൽ തിരിച്ചെത്തുന്നതുവരെ സ്ത്രീകളുമായി ഇടകലരാതെ, അവരെ കാണാതെ ഒരു രാപ്പകൽ, ഒരു നിമിഷം പോലും ജീവിക്കാൻ നിങ്ങൾക്കാവില്ല. ബാറുകളും ക്ലബ്ബുകളും നൃത്തശാലകളും നിബിഡമായ സമൂഹത്തിൽ ജീവിക്കുന്ന, തെരുവുകളിൽ ജാരസന്താനങ്ങളെ വലിച്ചെറിയുന്ന നിങ്ങളാണോ രോഗിയായ ഭാര്യയെ വഞ്ചിക്കുന്നതിൽനിന്ന് സ്വന്തം മതം തങ്ങളെ തടയുമെന്നവകാശപ്പെടുന്നത്? സൗന്ദര്യവും ആരോഗ്യവും താരുണ്യവും പൂത്തുനിൽക്കുന്ന ഭാര്യമാർപോലും വഞ്ചിക്കപ്പെടുന്ന കഥകളാൽ നിർഭരമാണ് നിങ്ങളുടെ പത്രകോളങ്ങൾ. കോടതികളിൽ അത്തരം കേസുകൾ പെരുകുന്നു. പിന്നെങ്ങനെ നിങ്ങൾക്ക് ഇത്തരമൊരു അവകാശവാദം ഉന്നയിക്കാൻ കഴിയും?"

"ഞാൻ എന്റെ കാര്യമാണ് പറയുന്നത്." പ്രഫ. ആന്റേർസൺ പറഞ്ഞു. "ആത്മ സംയമനം പാലിക്കാനും ക്ഷമിക്കാനും എനിക്ക് കഴിയും."

"നല്ലത്, എന്നാൽ മറ്റുള്ളവരെ അപേക്ഷിച്ചു നിങ്ങളെപ്പോലെ ഇരുട്ടിൽ ആത്മസംയമനം പാലിക്കാൻ കഴിയുന്ന പടിഞ്ഞാറൻ ക്രിസ്ത്യാനികളുടെ എണ്ണം എത്ര വരും?"

"അവർ വളരെ ചുരുങ്ങുമെന്ന കാര്യം ഞാൻ നിഷേധിക്കുന്നില്ല." ആന്റേർസൺ വ്യക്തമാക്കി.

"എന്നാൽ അംഗുലീ പരിമിതരായ ന്യൂനപക്ഷത്തിന് വേണ്ടിയാണോ അതോ ഭൂരിപക്ഷമാളുകൾക്ക് വേണ്ടിയാണോ നിയമം നിർമിക്കുക? പരിമിതരായ ഏതാനും പേരിൽ മാത്രം നടപ്പിലാക്കാൻ കഴിയുന്ന ഒരു നിയമനിർമാണം കൊണ്ട് എന്ത് ഫലമാണുള്ളത്?"

ഈ ചോദ്യത്തിനു ആന്റേർസൺ മൗനമവലംബിക്കുകയാണുണ്ടായത്. അതോടെ ഞങ്ങൾ തമ്മിലുള്ള സംഭാഷണവും അവസാനിച്ചു. ഇതെന്തിന് ഇവിടെ ഉദ്ധരിച്ചു എന്നല്ലേ? മനുഷ്യജീവിതമെന്നാൽ കേവലം ലൈംഗിക വികാരം മാത്രമല്ലെന്നും സ്വാതന്ത്ര്യബോധവും ആത്മാഭിമാനവുമുള്ള ഒരു വ്യക്തിയെ സംബന്ധിച്ചേടത്തോളം ത്യാഗം, ക്ഷമ തുടങ്ങി അനർഘവും അമൂല്യവുമായ മറ്റു ചിലതുകൂടിയുണ്ടെന്നും ബഹുപത്നിത്വത്തിനു ലൈംഗിക വികാരചോദനയെ ന്യായീകരണമാക്കുന്നത് മനുഷ്യസമൂഹത്തിന്റെ നിലവാരത്തിലേക്ക് ഇടിച്ചുതാഴ്ത്തലാണെന്നും വാദിക്കുന്നവരുണ്ട്. കേൾക്കാൻ സുഖമുള്ള മനോഹരമായ വാക്കുകൾ തന്നെ ഇവ. എന്നാൽ ഇതൊക്കെ പറഞ്ഞിട്ടുള്ളത് മറ്റൊരു നാഗരികതക്ക് കീഴിൽ ജീവിക്കുന്നവർക്കാണ്; സ്ത്രീയുടെ പ്രലോഭനീയമായ സൗന്ദര്യത്തിൽനിന്നും വികാരവാഹിയായ ജീവിതത്തിന്റെ ആസക്തികളിൽനിന്നും സ്വന്തം കണ്ണും തൂലികയും ജിഹ്വയും അടക്കിനിർത്തി ദൈവത്തിന്റെ വിലക്കുകൾ മാനിക്കുന്ന വൈരാഗികളായ ഭക്തന്മാർക്ക് പറഞ്ഞിട്ടുള്ളതാണത്; ഈ മധുരഭാഷണം പേശി നടക്കുന്നവർക്കല്ല. മനുഷ്യജീവിതത്തിന്റെ യാഥാർഥ്യങ്ങൾ അംഗീകരിക്കുകയും കുതർക്കിയുടെ കപടനാട്യങ്ങൾ ഉപേക്ഷിച്ചു പരിചയസമ്പന്നനായ ഭിഷഗ്വരനെപ്പോലെ പ്രശ്നങ്ങൾക്ക് തുറന്ന രീതിയിൽ പ്രതിവിധി കണ്ടെത്തുകയുമാണവർക്ക് നല്ലത്. ('അൽമർഅത്തു ബൈനൽ ഫിഖ്ഹി വൽഖാനൂൻ, പേജ് 87–89)

രണ്ട് കെട്ടുന്നവനായിരിക്കും ജനങ്ങളിൽ കഷ്ടപ്പാടുകൾ പേറാൻ ഏറ്റവും കരുത്തൻ. ഏറ്റവും വേഗം ഹലാക്കിലാകുന്നവൻ മൂന്ന് കെട്ടുന്നവനായിരിക്കും. നാലുകെട്ടുന്നവനായിരിക്കും ഭ്രാന്തോടു ഏറ്റവുമടുത്ത് നിൽക്കുന്നവൻ. അനാവശ്യമായി കഷ്ടപ്പാടുകൾക്കിരയാവാൻ വേണ്ടിയല്ല അല്ലാഹു നമുക്ക് ഈ ബഹുഭാര്യാത്വം അനുവദിച്ചു തന്നിട്ടുള്ളത്.

(ഡോ. മുസ്ത്വഫസ്സിബാഈ. *ഹാകദാ അല്ലമത്നീ അൽഹയാത്ത്* – ജീവിത പാഠങ്ങൾ)